# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2512 08.05.2017 -ലെ മറുപടി

**ഭൂഗർഭജല വിനിയോഗം സംബന്ധിച്ച പരിശോധന**

**ചോദ്യം**
ശ്രീ.പി.കെ.ശശി

**മറുപടി**
മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | കേരള സംസ്ഥാനത്ത് കടിവെള്ള മാഫിയ, സ്വകാര്യ കടിവെള്ള കമ്പനികൾ, പെപ്സി തുടങ്ങിയ ബഹുരാഷ്ട്രക്കമ്പനികൾ, മദ്യമുണ്ടാക്കുന്ന കമ്പനികൾ എന്നിവർ ഓരോ ദിവസവും അനുവാദമുള്ളതും നിയമവിരുദ്ധവും ആയി എത്ര ഭൂഗർഭ ജലം ഉപയോഗിക്കുന്നു എന്നത് മുൻ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | എ) | പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് പ്രവർത്തിച്ചു വരുന്ന പെപ്സികോ ഇന്ത്യ ഹോൾഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ജലചൂഷണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 18.04.2007 –ൽ ചേർന്ന നിയമസഭ ഉപസമിതിയുടെ നിർദ്ദേശ പ്രകാരം ഭൂജലവകുപ്പ് വിശദമായ പഠനം നടത്തിയിട്ടുണ്ട്. കമ്പനി സ്ഥാപിച്ചിട്ടുള്ള SCADA സംവിധാനത്തിൽ ശേഖരിക്കപ്പെടുന്ന ഭൂജല ഉപഭോഗത്തിന്റെ വിവരങ്ങൾ ഭൂജലവകുപ്പ് പാലക്കാട് ജില്ലാ ഓഫീസ് നിരീക്ഷിക്കുന്നുണ്ട്. |
| ബി) | പ്രസ്തുത പരിശോധനയ്ക്കായി ഈ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) | കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ളോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണ് എൻ.ഒ.സി നൽകുന്നത്. ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം പരിശോധിക്കാറുണ്ട്. ദിനംപ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) | ഇത്തരം കമ്പനികൾക്ക് മുൻസർക്കാർ നല്കിയ ഉത്തരവു പ്രകാരമാണോ ഭൂഗർഭ ജലം എടുത്തത് എന്ന് മുൻസർക്കാർ പരിശോധിച്ചുവോ; എങ്കിൽ എന്നാണ് ; ഇല്ലെങ്കിൽ ഈ സർക്കാർ സംസ്ഥാന ജലസമ്പത്ത് ഊറ്റി വിപണനം നടത്തുന്നത് തടയുവാൻ ആവശ്യമായ കർശന നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ? | സി) | കുപ്പിവെള്ള കമ്പനികൾക്ക് ജലലഭ്യത പരിശോധന നടത്തി സുരക്ഷിതമായ അളവിൽ ഭൂജലം പമ്പ് ചെയ്യുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതികൾ പരിശോധിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിക്ക് ശുപാർശ ചെയ്യുന്നു. അന്തിമമായ നിരാക്ഷേപപത്രം ഭൂജല വകുപ്പ് നൽകി വരുന്നു. പുതിയ നിയമ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ